(സി) നിവൃത്തിയില്ല.

(ഡി) പരാതികളിൽ അനുകൂല ഉത്തരവ് എടുക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ ഉചിതമായ മറുപടി നൽകുകയും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ടി. നയം നടപ്പാക്കുന്നതിൽ സംഭവിച്ച പോരായ്മകൾ

48 (4208) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തിലും അത് നടപ്പിലാക്കുന്നതിലും പോരായ്മകളും വൈകല്യങ്ങളും സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ബി) എങ്കിൽ വിലയിരുത്തലിനെ തുടർന്ന് ഐ.ടി. രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു ;

(സി) ഐ.ടി. വികസനത്തിന് ഇതിനകം സർക്കാർ വികസനിപ്പിച്ചെടുത്ത അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദവും കാര്യക്ഷമവുമായി ഉപയോഗിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ വീഴ്ചകൾ തിരുത്തുന്നതിന് എന്ത് ശ്രമം നടത്തി ; നഗരങ്ങളിലെ പ്രധാനപ്പെട്ട പൊതുസ്ഥലങ്ങൾ ചുരുങ്ങിയ വിലയ്ക്കും സൗജന്യമായും നല്കിക്കൊണ്ട് സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ; എങ്കിൽ എന്ത് ഉദ്ദേശത്തോടുകൂടിയാണ് ഇതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) സർക്കാർ പ്രഖ്യാപിച്ച ഐടി. നയം നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. നയം നടപ്പിലാക്കുന്നതിൽ പോരായ്മകളോ വൈകല്യങ്ങളോ സംഭവിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള ഐ.ടി. നയങ്ങളുമായി താരതമ്യപ്പെടുത്തി വൻകിട നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി കൂടുതൽ ആകർഷകമായ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി ഐ.ടി. നയത്തിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് ഉദാരമാക്കിക്കൊണ്ട് രാജ്യാന്തര നിലവാരത്തിലുള്ള കമ്പനികളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള Early Bird Incentive Scheme-ന്റെ സമയപരിധി ദീർഘിപ്പിച്ചുകൊണ്ട് തയ്യാറാക്കുന്ന പുതുക്കിയ Kerala Pioneer Incentive Scheme അതിന്റെ അന്തിമ ഘട്ടത്തിലാണ്.

(സി) ഇല്ല.

(ഡി) സ്വകാര്യ സംരംഭകരെയും സംസ്ഥാനത്തേക്ക് ആകർഷിച്ചുകൊണ്ട് ഐ.ടി. വികസനം സാദ്ധ്യമാക്കുക എന്നതാണ് സർക്കാർ നയസമീപനം. നഗരങ്ങളിലെ പൊതുസ്ഥലങ്ങൾ ചുരുങ്ങിയ വിലയ്ക്കും സൗജന്യമായും നൽകുക എന്നത് സർക്കാരിന്റെ നയമല്ല.

LIBRARY ARCHIVES Kerala Legislative Assembly